**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3657** **12-03-2025 - ൽ മറുപടിയ്ക്ക്**

**വാഹനാപകടങ്ങൾ വർദ്ധിച്ച് വരുന്ന സാഹചര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വാഹനപ്പെരുപ്പത്തിന് അനുസരിച്ചാണോ നിലവിലുള്ള റോഡുകളുടെ സൗകര്യങ്ങൾ എന്നത് സംബന്ധിച്ച് ഗതാഗത വകുപ്പ് ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ; | (എ) | ഗതാഗത വകുപ്പ് ഈ കാര്യത്തിൽ ശാസ്ത്രീയ പഠനം നടത്തിയിട്ടില്ല. എന്നാൽ നാറ്റ്പാക് നടത്തിയിട്ടുള്ള ശാസ്ത്രീയ പഠനങ്ങളിൽ പല റോഡുകളിലും വാഹന പെരുപ്പത്തിന് അനുസരിച്ചുള്ള സൗകര്യങ്ങൾ അപര്യാപ്തമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | നഗരങ്ങളിൽ കാൽനടയാത്രക്കാരുടെ പൊതുഗതാഗത സംവിധാനങ്ങളുടെ ഉപയോഗം മെച്ചപ്പെടുത്തുന്നതിനുമായി ഗവൺമെന്റ് ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (ബി) | നഗരങ്ങളിൽ കാൽ നടയാത്രക്കാരുടെ പൊതുഗതാഗത സംവിധാനങ്ങളുടെ ഉപയോഗം മെച്ചപ്പെടുത്തുന്നതിനും, കൂടുതൽ സുരക്ഷ ഒരുക്കുന്നതിനും ജംഗ്ഷനുകൾ മറ്റ് പ്രധാന സ്ഥലങ്ങൾ എന്നിവിടങ്ങളിലും കുട്ടികളുടെ സുരക്ഷയ്ക്കായി സ്കൂൾ മേഖലകളിലും നടപ്പാതകൾ നിർമ്മിച്ചുവരുന്നു. കേരളാ റോഡ് സുരക്ഷാ അതോറിറ്റിയുടെ ഫണ്ട് ഉപയോഗിച്ച് 'സ്കൂൾ മേഖല' പദ്ധതി ആവിഷ്ക്കരിച്ച് വരുന്നു. കൂടാതെ കാൽനട യാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുമായി വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി സിഗ്നലുകൾ, നടപ്പാതകൾ, ഗാർഡ് റെയിലുകൾ, പെഡസ്ട്രിയൻ ക്രോസിംഗ് മാർക്കിങ്ങുകൾ, സ്റ്റോപ്പ് ലൈനുകൾ, ഹമ്പുകൾ, സൈൻ ബോർഡുകൾ, റംബിൾ സ്ട്രിപ്പുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. നടപ്പാതകളിൽ പൊട്ടിക്കിടക്കുന്ന സ്ലാബുകൾ സ്പെഷ്യൽ റിപ്പയർ ഫണ്ട് ഉപയോഗിച്ച് അറ്റകുറ്റപണികളും നടത്തിവരുന്നു.<br><br>കൂടാതെ റോഡുകൾ, പാലങ്ങൾ എന്നിവയുടെ പുനർനിർമ്മാണം നടത്തുമ്പോഴും പുതിയവ നിർമ്മിക്കുമ്പോഴും ടെക്നിക്കൽ ഫീസിബിലിറ്റി, ഫണ്ട് ലഭ്യത, സ്ഥലലഭ്യത എന്നിവ കണക്കിലെടുത്തും, കാൽനട യാത്രക്കാർ കൂടുതലുള്ള ഭാഗങ്ങളിൽ നടപ്പാതകൾ നിർമ്മിക്കുന്നതിനും, കാൽനട യാത്രക്കാർ കൂടുതൽ ഇല്ലാത്ത ഭാഗങ്ങളിൽ നടക്കുവാൻ റോഡിന്റെ ഇരുവശങ്ങളിലും ഷോൾഡറുകളും നൽകി അനിവാര്യമായ സുരക്ഷാ |

| | | | |
|---|---|---|---|
| | | | സംവിധാനം ഏർപ്പെടുത്തി വരുന്നുണ്ട്. പുതുതായി Kerala State Transport Project (കെ.എസ്.ടി.പി), Kerala Road Fund Board (കെ.ആർ.എഫ്.ബി), RICK എന്നിവയുടെ നേതൃത്വത്തിൽ ഏറ്റെടുത്തു നടത്തിവരുന്ന വൻകിട വികസന പ്രവർത്തനങ്ങളിലും, നഗര വികസന പദ്ധതികളിലും റോഡു വികസനത്തിനോടൊപ്പം നടപ്പാതകളും പൂർണ്ണമായി നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ കിഫ്ബി ധന സഹായത്തോടെ ഏറ്റെടുക്കുന്ന പ്രവർത്തികളിലും നടപ്പാതകൾ നിർമ്മിക്കുന്നുണ്ട്.<br><br>കൂടാതെ സുരക്ഷിതമായ റോഡ് ഉപയോഗത്തെക്കുറിച്ച് കാൽനടയാത്രക്കാർക്ക് ബോധവൽക്കരണം നടത്തുന്നതിനായി എഫ്.എം നെറ്റ് വർക്കിലൂടെയും റെയിൽവേസ്റ്റേഷനിൽ ജിംഗിളുകളിലൂടെയും മറ്റ് അച്ചടി മാധ്യമങ്ങളിലൂടെയും റോഡ് സുരക്ഷാ സന്ദേശങ്ങൾ കേരള റോഡ് സുരക്ഷാ അതോറിറ്റി പ്രചരിപ്പിച്ചുവരുന്നു. സംസ്ഥാനത്ത് സുരക്ഷിതമായ റോഡ് സംസ്കാരം രൂപപ്പെടുത്തുന്നതിനായി അലക്ഷ്യമായി റോഡ് ഉപയോഗിക്കുന്ന കാൽനടയാത്രക്കാരെ നിയന്ത്രിക്കുന്നതിന് ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായ പ്രകാരം അപകട സാധ്യതയുള്ള സ്ഥലങ്ങളിൽ നടപ്പാത സ്ഥാപിക്കാൻ ₹8.24 കോടി രൂപ അനുവദിക്കാൻ KRSAയുടെ 48-മത് യോഗം തീരുമാനിക്കുകയും,അതിനനുസൃതമായി പൊതുമരാമത്ത് വകുപ്പിന് ഭരണാനുമതി നൽകിയിട്ടുമുണ്ട്.<br><br>അതോടൊപ്പം നഗരങ്ങളിൽ കാൽനട യാത്രക്കാരുടെ പൊതുഗതാഗത സംവിധാനങ്ങളുടെ ഉപയോഗം മെച്ചപ്പെടുത്തുന്നതിനായി വിവിധ കാലഘട്ടങ്ങളിൽ ശാസ്ത്രീയമായ പഠനങ്ങൾ നാറ്റ്പാക് നടത്തുകയും റിപ്പോർട്ട് ബന്ധപ്പെട്ട വകുപ്പുകൾക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾ പരിഹരിക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ? | (സി) | സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനും റോഡുകളിലെ സുരക്ഷാ മുൻകരുതൽ ഉറപ്പാക്കുന്നതിനും സുരക്ഷ മുന്നറിയിപ്പ് ബോർഡുകൾ, പതിവായി അപകടങ്ങൾ നടക്കുന്ന സ്ഥലങ്ങളിൽ 'അപകട സാധ്യത മേഖല' സൈൻ ബോർഡുകൾ, വളവുകൾ മുൻകൂട്ടി തിരിച്ചറിയുന്നതിനായുള്ള സൈൻ ബോർഡുകൾ , വേഗത പരിധി,' No Overtaking' ,ഷെവറോൺ എന്നീ സൈൻ ബോർഡുകൾ, അമിത വേഗത നിയന്ത്രിക്കുന്നതിനായി റംബിൾ സ്ട്രിപ്പുകൾ, കൂടാതെ ആവശ്യമുള്ള സ്ഥലങ്ങളിൽ മാർക്കിങ്ങുകൾ, സ്റ്റഡുകൾ, ബ്ലിങ്കർ ലൈറ്റുകൾ, അപകടകരമായ |

വളവുകളിൽ ഡിസൈൻ സ്പീഡ് ലിമിറ്റ് ബോർഡുകൾ എന്നിവ കൂടുതലായി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു.

കൂടാതെ വർദ്ധിച്ചു വരുന്ന വാഹനപെരുപ്പം മൂലം ഉണ്ടാകുന്ന റോഡപകടങ്ങൾ ഒഴിവാക്കുന്നതിനായി സ്ഥലലഭ്യതയും, ഫണ്ട് ലഭ്യതയും അനുസരിച്ച് നിലവിലുള്ള റോഡുകൾ വീതി കൂട്ടുന്നതിനും ,ബൈപ്പാസുകൾ ,മേൽപ്പാലങ്ങൾ, അടിപ്പാതകൾ തുടങ്ങിയ വൻകിട പദ്ധതികളുടെ നിർമ്മാണം കെ.എസ്.റ്റി.പി, കെ.ആർ.എഫ്.ബി എന്നിവ മുഖേനെ നടപ്പിലാക്കി വരുന്നു. അപകടം പതിവായ സ്ഥലങ്ങളിൽ റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിനായി കേരള പോലീസ്, മോട്ടോർ വാഹന വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, ആരോഗ്യ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, എന്നിവയുടെ ഏകോപനം നിലവിൽ കേരള റോഡ് സുരക്ഷ അതോറിറ്റി (KRSA) മുഖേനയാണ് നടത്തി വരുന്നത്. തുടർച്ചയായി അപകടങ്ങൾ നടക്കുന്ന സ്ഥലങ്ങൾ ശാസ്ത്രീയമായി നാറ്റ്പാക് എന്ന ഏജൻസി മുഖാന്തിരം കണ്ടെത്തി അപകടങ്ങളുടെ തീവ്രതയനുസരിച്ച് മുൻഗണനാക്രമം നിശ്ചയിക്കുകയും പ്രസ്തുത ഭാഗങ്ങളിൽ (ബ്ലാക്ക് സ്പോട്ടുകളിൽ) പോലീസിന്റെയും, മോട്ടോർ വാഹന വകുപ്പിന്റെയും ,റോഡ് സുരക്ഷാ അതോറിറ്റിയുടെയും സഹകരണത്തോടു കൂടി സംയുക്ത സ്ഥല പരിശോധന നടത്തി, സ്ഥലപരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭാഗത്തെ അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള തിരുത്തൽ പ്രവൃത്തികൾ ഫണ്ട് ലഭ്യതയനുസരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

രണ്ടായിരത്തി മുപ്പതോടെ സംസ്ഥാനത്തെ റോഡ് അപകടങ്ങൾ 50% കുറക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന് വേണ്ടി നാറ്റ്പാക്ക് കേരളത്തിനായി ഒരു റോഡ് സുരക്ഷാ ആക്ഷൻ പ്ലാനിന്റെ (Road Safety Action Plan for Kerala ( 2025-30) കരട് തയ്യാറാക്കി മോട്ടോർ വാഹന വകുപ്പ് ഉൾപ്പെടെ ബന്ധപ്പെട്ട വകുപ്പുകളിലേക്ക് അഭിപ്രായങ്ങൾ തേടുന്നതിനായി 20-02-2025 ന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത കരട് അതാത് വകുപ്പുകൾ പരിശോധിച്ചു വരുന്നു.

സംസ്ഥാനത്തുണ്ടാകുന്ന വലിയ അപകടങ്ങൾ സുപ്രീം കോർട്ട് കമ്മിറ്റിയുടെ നിർദേശ പ്രകാരം എല്ലാ ഏജൻസികളും പരിശോധന നടത്തി കാരണങ്ങൾ കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതാണ്. സ്റ്റേക്ക്ഹോൾഡർ ഡിപ്പാർട്ട്മെന്റുകൾ ആവശ്യപ്പെടുന്ന പ്രകാരം ഇത്തരം അപകട

| | | | |
|---|---|---|---|
| | | | നിർമാർജ്ജന പ്രവർത്തനങ്ങൾക്ക് KRSA യുടെ ഫണ്ടും നൽകുന്നതാണ്. റോഡ് സുരക്ഷാ അതോറിറ്റി ഫണ്ടും, പൊതുമരാമത്ത് വകുപ്പിന്റെ ഫണ്ടും ഉപയോഗിച്ച് ബ്ലാക്ക് സ്പോട്ടുകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br>അശ്രദ്ധമായി കാൽനടയാത്രക്കാർ റോഡ് മുറിച്ച് കടക്കുന്നതുമൂലം വാഹനാപകടങ്ങളിൽപെടുന്നത് ഒഴിവാക്കുന്നതിനായി റോഡുകളുടെ മീഡിയനുകളിൽ ഫെൻസിംഗുകൾ സ്ഥാപിക്കുന്നതിനായി വിവിധ റോഡ് പരിപാലന ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റോഡുകളിലെ മീഡിയനുകളിൽ രാത്രികാലങ്ങളിൽ ദൃശ്യമാകുന്ന സൂചന ബോർഡുകൾ സ്ഥാപിക്കുന്നതിനും സ്കൂളുകൾക്ക് സമീപം സൂചന ബോർഡുകൾ സ്ഥാപിക്കുന്നതിനും റോഡ് പരിപാലന വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. റോഡിന്റെ ഉപരിതലത്തിലെ ഏറ്റക്കുറച്ചിലുകൾ മൂലം വാഹനാപകടങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങളിൽ ആയത് പരിഹരിക്കുന്നതിനും റോഡുകളിൽ രൂപപ്പെടുന്ന കുഴികൾ, പൊട്ടിപ്പൊളിഞ്ഞ സ്ലാബുകൾ എന്നിവ അറ്റകുറ്റപണികൾ ചെയ്യുന്നതിനുമായും വിവിധ റോഡ് പരിപാലന ഏജൻസികൾക്ക് ജില്ലാ അടിസ്ഥാനത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.<br>സംസ്ഥാനത്ത് വർധിച്ചുവരുന്ന വാഹനാപകടങ്ങൾ പരിഹരിക്കുന്നതിനായി മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 135 എ പ്രകാരമുള്ള സ്കീം രൂപീകരിക്കുന്നത് പരിഗണനയിലാണ്. ഇതുവഴി അപകട കാരണങ്ങൾ വിശദമായി വിശകലനം ചെയ്ത് അപകട കാരണങ്ങൾ പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. അതോടൊപ്പം നിലവിൽ 85 സ്ക്വാഡുകളിലായി എട്ടുമണിക്കൂർ വീതം എൻഫോഴ്സ്മെന്റ് വിഭാഗം പ്രവത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ